## VIJNANABHAVAN - KOTHAMANGALAM

### SCHOLARSHIP EXAMINATION 2024 - 2025

**Std X** Time : 2 hrs.
07.04.2025 Marks : 100

രജിസ്റ്റർ നമ്പർ
(അക്കത്തിൽ)

രജി. നമ്പർ (അക്ഷരത്തിൽ) ........................................................................................................................

ഫൊറോന : ........................................................................................................................................

**നിർദ്ദേശങ്ങൾ:–**

1. നിങ്ങളുടെ രജിസ്റ്റർ നമ്പർ മുകളിൽ കാണുന്ന ദീർഘചതുരത്തിൽ അക്കത്തിലും താഴെ അക്ഷരത്തിലും എഴുതുക.
2. നിങ്ങളുടെ പേരോ സ്കൂളിന്റെയോ പള്ളിയുടെയോ പേരോ ഉത്തരക്കടലാസിൽ എഴുതാൻ പാടില്ല.
3. ഉത്തരങ്ങൾ ഈ ചോദ്യക്കടലാസിൽ തന്നെ അവയ്ക്കായി വിട്ടിട്ടുള്ള സ്ഥലങ്ങളിൽ മാത്രം വൃത്തിയായി എഴുതണം.
4. ഈ ചോദ്യക്കടലാസിനോട് വേറെ കടലാസുകൾ ചേർക്കുകയോ ഇതിലുള്ള കടലാസുകൾ വേർപെടുത്തുകയോ ചെയ്യാൻ പാടില്ല.

**Total Marks**

PTO

**ശരിയായ ഉത്തരത്തിന് ☑ ചിഹ്നം രേഖപ്പെടുത്തുക.** (10 X 1 = 10)

1 സഭയുടെ പ്രേഷിത സ്വഭാവത്തിന് അടിസ്ഥാനം.
☐ അയയ്ക്കുക ☐ ഒരുക്കുക ☐ പരി. ത്രിത്വം

2 സുവിശേഷാനുസൃതം ജീവിച്ച ആദിമസഭയിൽ മിഴിവാർന്നു നിന്നവരുടെ സവിശേഷതയായിരുന്നു.
☐ അപ്പം മുറിയ്ക്കൽ ☐ പ്രാർത്ഥനാ ജീവിതം ☐ സാഹോദര്യം

3 ശ്ലീഹന്മാർ സുവിശേഷം പ്രസംഗിച്ച സ്ഥലങ്ങളെക്കുറിച്ചും അവരുടെ രക്തസാക്ഷിത്വത്തെക്കുറിച്ചും വിവരിക്കുന്ന ചരിത്രകാരനായിരുന്നു.
☐ എവുസേബിയൂസ് ☐ ജോൺ ബ്രിട്ടോ ☐ മാർട്ടിൻ ലൂഥർ

4 'ആര്യനിസം' എന്ന പാഷണ്ഡതയെ തള്ളിക്കളഞ്ഞ സൂനഹദോസ്
☐ ഉദയംപേരൂർ ☐ നിഖ്യാ ☐ എഫേസൂസ്

5 'എടുത്ത് വായിക്കുക' എന്ന ആന്തരിക സ്വരം ശ്രവിച്ച് വി. ഗ്രന്ഥം വായിച്ച് തിന്മയുടെ വഴികൾ വെടിഞ്ഞ് നന്മയുടെ പാതയിലേക്കു കടന്നുവന്ന വിശുദ്ധനാണ്.
☐ വി. അഗസ്റ്റിൻ ☐ വി. തോമാ ☐ വി. യാക്കോബ്

6 സ്നേഹം മൂലം മനുഷ്യനെ സൃഷ്ടിച്ച ദൈവം ആ സ്നേഹം പങ്കുവയ്ക്കുന്നതിനായി അവനെ വിളിക്കുന്ന ജീവിതമാണ്.
☐ സമർപ്പിത ജീവിതം ☐ കുടുംബ ജീവിതം ☐ ഏകാന്തജീവിതം

7 ദൈവജനത്തിന്റെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ സമർപ്പിക്കുകയും ദൈവഹിതം അറിയാൻ ദൈവജനത്തെ സഹായിക്കുകയും ചെയ്യുന്നവരാണ്
☐ പ്രവാചകർ ☐ പുരോഹിതർ ☐ ശുശ്രൂഷികൾ

8 പല സന്യാസിമാർ ഒന്നിച്ചു താമസിക്കാനുള്ള ആശ്രമം ആദ്യമായി സ്ഥാപിച്ച വിശുദ്ധനാണ്
☐ വി. പക്കേമിയൂസ് ☐ വി. ബനഡിക്ട് ☐ വി. മാർട്ടിൻ

9 പരി. അമ്മയെ "മനുഷ്യകുലത്തിന്റെ ഉദരം" എന്ന് വിളിച്ച സഭാപിതാവാണ്.
☐ വി. അംബ്രോസ് ☐ വി. ഐറേനിയോസ് ☐ വി. ക്രിസോസ്തം

10 പാശ്ചാത്യ ദൈവശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ലത്തീൻ സഭാപിതാവാണ്.
☐ തെർത്തുല്യൻ ☐ വി. ഗ്രിഗറി ☐ വി. സിപ്രിയാൻ

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** (5 X 1 = 5)

11 മിശിഹായുടെ ശരീരമായിരിക്കുന്ന സഭയുടെ അടിസ്ഥാന സ്വഭാവം എന്താണ്?

12 നന്മ ചെയ്തവരെ മഹത്വീകരിക്കുകയും തിന്മ ചെയ്തവരെ ശിക്ഷിക്കുകയും ചെയ്യുന്ന മഹത്വപൂർണ്ണമായ കർമ്മമാണ്.

13 'അനാഫൊറ' എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം എന്താണ്?

14 ഈശോയുടെ മനുഷ്യവതാരത്തിന്റെ 2025-ാം വർഷത്തെ പ്രത്യേക ജൂബിലിയുടെ സ്ഥാപന ലോഗോ എന്താണ്?

15 കാർഡിനൽ ജോർജ്ജ് കൂവക്കാടിന്റെ ആപ്തവാക്യം എഴുതുക.

**പൂരിപ്പിക്കുക.** (5 X 1 = 5)

16 പരിശുദ്ധാത്മാവിനെ നമുക്ക് പ്രദാനം ചെയ്യുന്ന രക്ഷാകരമായ അടയാളങ്ങളാണ്.........

......................................................................... കൾ

17 ദമ്പതികളുടെ അലൗകിക സ്നേഹത്തിന് ദൈവം നൽകുന്ന അനർഘ സമ്മാനമാണ്

...............................................................................

18 നമ്മുടെ ആരാധനാ ശുശ്രൂഷകളിൽ നിരന്തരം ആവർത്തിക്കപ്പെടുന്ന.............................................
............................................ എന്ന കീർത്തനം മാർ ശെമയോൻ ബർസാബേ രചിച്ചതാണ്.

19 1992 ഡിസംബർ 16-ന് സീറോ മലബാർ സഭയെ ..........................................................................................
പാപ്പ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തി.

20 വി. ഫ്രാൻസീസ് അസീസ്സി...................................................എന്ന അപരനാമത്തിൽ അറിയപ്പെടുന്നു.

A **വിഭാഗത്തോടു ചേരുന്നവ** C **യിൽ നിന്നും കണ്ടെത്തി** B **കോളത്തിൽ എഴുതുക.** (10 X1 =10)

| A | B | C |
|---|---|---|
| 21 ദിലെക്സിത് നോസ് | .................................................................................. | മാമ്മോദീസാതൊട്ടി |
| 22 ദൈവരാജ്യം | .................................................................................. | വിളിച്ചു കൂട്ടപ്പെട്ടവരുടെ സമൂഹം |
| 23 ഒസ്സർവത്തോരെ | .................................................................................. | ഒരിജൻ |
| 24 ഏൽപയ്യാ | .................................................................................. | അഫ്രഹാത്ത് |
| 25 ബ്രിട്ടൺ | .................................................................................. | മിസ്സിസാഗ രൂപത |
| 26 കാനഡ | .................................................................................. | പ്രസ്റ്റൺ രൂപത |
| 27 പേർഷ്യൻ മുനി | .................................................................................. | അവൻ നമ്മെ സ്നേഹിച്ചു |
| 28 ഉരുക്കു മനുഷ്യൻ | .................................................................................. | രൂപതാ ബുള്ളറ്റിൻ |
| 29 കഹാൽ | .................................................................................. | വത്തിക്കാൻ പത്രം |
| 30 സഭയുടെ ഗർഭപാത്രം | .................................................................................. | ദൈവം പ്രകാശമാകുന്നു |

**ദൈവവചനം പൂർത്തിയാക്കുക.** (5 X 3 = 15)

31 "നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ പോയി ............................................................................
....................................................................................................................................................
..............................................................................പിന്നെ വന്ന് എന്നെ അനുഗമിക്കുക" (മത്താ.19:21).

32 "നിങ്ങൾ ലോകമെങ്ങും പോയി..................................................................................................................
....................................................................................................................................................
.................................................................................................. പ്രസംഗിക്കുവിൻ" (മർക്കോ. 16:15).

33 "ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കി കഴിയുമ്പോൾ.......................................................................
....................................................................................................................................................
.............................................................................................. കൂട്ടി കൊണ്ടുപോകും" (യോഹ. 14:3).

34 "ദൈവ വചനം ശ്രവിക്കുകയും ..................................................................................................................
....................................................................................................................................................
.......................................................................................................................... സഹോദരരും" (ലൂക്കാ 8:21).

35 "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത..............................................................................................
....................................................................................................................................................
.............................................................................................. ഞങ്ങൾക്കു സാധ്യമല്ല" (അപ്പ. 4:20).

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.** (5 x 3 = 15)

36 ആരാധനാ വത്സരത്തിന്റെ കേന്ദ്രമായ ഉയിർപ്പു തിരുന്നാളിന് ഒരുക്കമായിട്ടുള്ള നോമ്പുകാലം എന്താണ് അനുസ്മരിക്കുന്നത്?

37 ആരാണ് പ്രവാചകർ? പ്രവാചകന്റെ ദൗത്യങ്ങൾ എന്താണ്?

38 2025-ാം വർഷം പ്രത്യേക ജൂബിലി വർഷമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി ഫ്രാൻസീസ് പാപ്പ തരുന്ന സന്ദേശം എന്തെല്ലാമാണ്?

39 ക്രൈസ്തവരായ നാം കുഞ്ഞുങ്ങളുടെ വിദ്യാരംഭം കുറിക്കുന്ന രീതി എങ്ങനെയാണ്?

40 മാർ സ്ലീവായിലെ പ്രതീകങ്ങൾ എന്താണ് സൂചിപ്പിക്കുന്നതെന്ന് എഴുതുക.

(1). ശൂന്യമായ സ്ലീവാ –

(2). പറന്നിറങ്ങുന്ന പ്രാവ് –

(3). താമര –

(4). മൂന്ന് പടികൾ –

**ഒരുപേജിൽ ഉത്തരമെഴുതുക.** (6 x 5 = 30)

41 ദനഹാ തിരുന്നാൾ കൊണ്ട് എന്താണ് ലക്ഷ്യം വയ്ക്കുന്നത്? രാക്കുളി തിരുന്നാൾ, പിണ്ടി കുത്തി തിരുന്നാൾ ഇവയുടെ ആചാരാനുഷ്ഠാനങ്ങൾ വിശദീകരിക്കുക.

42 നിങ്ങളുടെ ഇടവകയിൽ പ്രവർത്തിക്കുന്ന സംഘടനകൾ ഏതെല്ലാം? നിങ്ങൾ അംഗമായിരിക്കുന്ന സംഘടനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരണം തയ്യാറാക്കുക.

43 സഭയിൽ സമർപ്പിത ജീവിതത്തിന്റെ സ്ഥാനം എന്താണ്? നിങ്ങൾക്ക് പരിചയമുള്ള ഏതെങ്കിലും ഒരു സന്യാസ സമൂഹത്തിന്റെ സേവനങ്ങൾ കണ്ടെത്തി ഒരു കുറിപ്പ് തയ്യാറാക്കുക.

44 വി. ഫ്രാൻസീസ് സേവ്യറിനെ മാനസാന്തരത്തിലേക്ക് തിരിച്ച ദൈവവചനം ഏതാണ്? അദ്ദേഹത്തിന്റെ ഭാരത പ്രേഷിതത്വത്തെക്കുറിച്ച് വിവരണം ശേഖരിക്കുക.

45 സുവിശേഷ പ്രഘോഷണത്തിൽ പങ്കാളികളായി യേശുവിന് സാക്ഷ്യം വഹിച്ച ഭാരതത്തിലെ വിശുദ്ധരുടെ പ്രവർത്തനശൈലികൾ ചുരുക്കി എഴുതുക.

46 സഭയുടെ പ്രേഷിത പ്രവർത്തനത്തിന് അടിസ്ഥാനം പരി. ത്രിത്വമാണ്. വ്യക്തമാക്കുക.

**രണ്ടുപേജിൽ ഉത്തരമെഴുതുക.** (1 x 10 = 10)

47 ആധുനിക കാലഘട്ടത്തിൽ സഭ വിവിധ മാധ്യമങ്ങളിലൂടെ പ്രേഷിത പ്രവർത്തനം ചെയ്യാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി വിശദീകരിക്കുക. തടസ്സങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുക.